LIBRARY ARCHIVES Kerala Legislative Assembly

വ്യാജ മുദ്രപ്പത്ര വിതരണം

7 [1478] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജ മുദ്രപ്പത്ര വിതരണത്തെ സംബന്ധിച്ച് നടത്തിയ വിജിലൻസ് റെയ്ഡിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയുടെ വ്യാജ മുദ്രപ്പത്ര വിതരണം ഇതിനകം നടന്നിട്ടുണ്ടെന്ന് തെളിഞ്ഞതായി വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു അറിയിക്കുമോ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) ഇനിയും പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ അവശേഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ വ്യാജ മുദ്രപ്പത്ര വിതരണത്തിന്റെ ഉറവിടം കണ്ടെത്താൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യാജ മുദ്രപ്പത്ര വിതരണത്തെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

(ബി, സി, ഡി, ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ തൊഴിൽരഹിതരുടെ കണക്ക്

8 [1479] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001, 2002, 2003 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ തൊഴിലിലാത്ത വരുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖല കളിലാണ് തൊഴിലവസരങ്ങൾ വർദ്ധിച്ചത് എന്ന് വെളിപ്പെടുത്താമോ;